(ഇ) നിലവാരമില്ലാത്ത ഡ്രില്ലിംഗ് റിഗ്ഗ് ഉയർന്ന വില നൽകി വാങ്ങിയതാണ് ഉപയോഗശൂന്യമായി മാറാൻ കാരണമെന്നത് ശരിയാണോയെന്നും അതേക്കുറിച്ച് അന്വേഷണം നടത്തുമോയെന്നും വ്യക്തമാക്കാമോ?

ശരിയല്ല. കുഴൽക്കിണർ നിർമ്മാണത്തിനിടെ സംഭവിക്കാവുന്ന അറ്റകുറ്റ പണികൾ മാത്രമാണ് നിലവിൽ റിഗ്ഗിന് സംഭവിച്ചിട്ടുള്ളത്. ഉടനെ പ്രവർത്തന യോഗ്യമാക്കുന്നതാണ്.

(എഫ്) പ്രസ്തുത ഡ്രില്ലിംഗ് റിഗ്ഗുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന സർക്കാർ ജീവനക്കാർ എത്രയാണെന്നും തൊഴിൽരഹിതരായ അവരെ പുനർവിന്യസിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത റിഗ്ഗുമായി ബന്ധപ്പെട്ട് ഡ്രില്ലിംഗ് നടത്തുന്നതിന് നിലവിൽ 7 ജീവനക്കാരാണുള്ളത്. ഇവരെ ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികൾ തുടങ്ങിയവയുടെ സൂപ്പർവിഷൻ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്.

**ജലവിഭവ വകുപ്പിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി**

248(994) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് കാര്യക്ഷമമാക്കാനും മീറ്റർ റീഡിംഗ് യഥാസമയം നടത്താനും മീറ്റർ തകരാർമൂലമുണ്ടാകുന്ന അധികചാർജ്ജ് ഒഴിവാക്കാനും മീറ്റർ തകരാറാണെങ്കിൽ ആയത് ഉപഭോക്താവിനെ അറിയിച്ച് സമയബന്ധിതമായി മാറ്റിവയ്ക്കാനും സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

വാട്ടർ കണക്ഷൻ എടുക്കുന്നതിലെയും മീറ്റർ മാറ്റിവയ്ക്കുന്നതിലെയും ഉടമസ്ഥാവകാശം മാറ്റുന്നതിലെയും കാറ്റഗറി മാറ്റുന്നതിലെയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വാട്ടർ ചാർജ് അടയ്ക്കുന്നത് ഉൾപ്പെടെയുള്ള പരമാവധി സേവനങ്ങൾ ഓൺലൈൻ വഴിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് സേവനങ്ങൾ കൺസ്യൂമർ സൗഹൃദമാക്കാൻ ശ്രമിച്ച് വരുന്നു. കൂടാതെ ബിൽ തുകയുടെ വിശദാംശങ്ങൾ എസ്.എം.എസ്. വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മീറ്റർ തകരാർ കണ്ടു പിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അതത് സെക്ഷനുകൾവഴി മീറ്റർ റീഡർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തനരഹിതമായ മീറ്റർ മാറ്റിസ്ഥാപിക്കുന്നതിന് നോട്ടീസ് നൽകി ഉപഭോക്താക്കളുടെ ചെലവിൽ മീറ്റർ മാറ്റി സ്ഥാപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ ഉപഭോക്താക്കളെ അറിയിച്ചിട്ടും കേടായ മീറ്റർ മാറ്റി സ്ഥാപിക്കാത്ത ഉപഭോക്താക്കളിൽ നിന്നുമാണ് ഫൈൻ ഈടാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ കേടായ എല്ലാ മീറ്ററുകളും മാറ്റി സ്ഥാപിച്ചു നൽകാൻ സാധ്യമല്ല. എന്നാൽ ഉയർന്ന ഉപഭോഗമുള്ള ഉപഭോക്താക്കളുടെ അത്തരം മീറ്ററുകൾ അതോറിറ്റി ചെലവിൽ മാറ്റി സ്ഥാപിച്ച് തുക ബില്ലിൽ 10 തവണകളായി ഈടാക്കിവരുന്നു.

(ബി) സ്പോട്ട് ബിൽ സംവിധാനം നിർത്തലാക്കി എസ്.എം.എസ്.-ലൂടെ ബിൽ സംവിധാനം ഏർപ്പെടുത്തിയതോടെ ഉപഭോക്താക്കളുടെ ഭാഗത്തുനിന്നും വ്യാപകമായ പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേക നിയന്ത്രണമുണ്ടായിരുന്നതിനാൽ മീറ്റർ റീഡിംഗ് നേരിട്ട് എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ഉപഭോക്താവ് മീറ്റർ റീഡിംഗ് സ്വയം എടുത്ത് വാട്സാപ്പിലൂടെ അറിയിക്കുന്ന സംവിധാനവും എസ്.എം.എസ്. വഴി ബിൽ തുക അറിയിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയത്. ഈ സമയത്ത് ആദ്യ തവണ നൽകിയ ബില്ലുകളിൽ ചുരുക്കം ചില ഉപഭോക്താക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാപകമായ തോതിൽ പരാതി ലഭിച്ചിട്ടില്ല.

(സി) എങ്കിൽ മീറ്റർ റീഡിംഗിലെ പിഴവിനെക്കുറിച്ച് വിശദമായി പഠിച്ച് അടിയന്തര പരിഹാരം കാണാനും ഉപഭോക്താവ് ഇതുമായി ബന്ധപ്പെട്ട് പരാതി നൽകിയാൽ കൃത്യസമയത്ത് പരിഹാരം കണ്ടെത്തുവാനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മീറ്റർ റീഡിംഗിലെ പിഴവുകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. റീഡിംഗിലെ അപാകതകളിന്മേൽ പരാതി ലഭിച്ചാൽ ഉടൻതന്നെ അതോറിറ്റി ഉദ്യോഗസ്ഥർ മീറ്റർ പരിശോധിച്ച് വേണ്ട പരിഹാരം കാണുകയും അർഹതപ്പെട്ടവർക്ക് നിയമാനുസരണം ബിൽ തുക കുറവ് ചെയ്ത് നൽകി പരാതികൾക്ക് അടിയന്തര പരിഹാരം കണ്ടെത്തി വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly